<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2362 — 23-01-2014 ലെ മറുപടിയ്ക്ക്

## <u>നികുതി കുടിശ്ശിക</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീ. സി.കെ.നാണു :<br>ശ്രീമതി.ജമീലാ പ്രകാശം :<br>ശ്രീ.ജോസ് തെറ്റയിൽ :** | | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) നികുതി പിരിവിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ വർദ്ധനവ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | മുൻ സാമ്പത്തിക വർഷത്തിലെ സമാന കാലയളവിലുള്ള കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പ് സാമ്പത്തിക വർഷം നവംബർ മാസം വരെ ലഭിച്ച ആകെ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നികുതി കുടിശ്ശിക തുക എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട് ; | ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നടപടി വിശദമാക്കുമോ ? | സി) | കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) വാണിജ്യനികുതി ഓഫീസർമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി. കോടതി, വിവിധ അപ്പീൽ അധികാരികൾ എന്നിവ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് വാണിജ്യനികുതി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി വരുന്നു.<br>3) ഹൈക്കോടതിയിൽ സ്റ്റേ ഉള്ള കേസുകൾ വേഗം തീർപ്പു കൽപ്പിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലുമായി മീറ്റിംഗ് വിളിച്ച് സ്റ്റേ മാറ്റി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനു പുറമേ 31-03-2005 വരെയുള്ള പൊതുവിൽപ്പന നികുതി നിയമപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പുതിയ ആംനസ്റ്റി സ്കീം |

പ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു.

4) മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസുകളിലും ബുധനാഴ്ച ദിവസങ്ങളിൽ നികുതി സംബന്ധമായ പ്രവൃത്തികൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കർശനമായി പാലിക്കുന്നുമുണ്ട്. കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്തും, കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും കുടിശ്ശിക പിരിച്ചെടുത്തു കൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നികുതി കുടിശ്ശിക പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ പുതിയ എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നിലവിൽ വന്നതിന്റെ ഫലമായി വാഹന പരിശോധന സംവിധാനം ശക്തമാക്കിയതിനെ തുടർന്ന് വാഹനങ്ങൾ പരിശോധിക്കുന്നതിനും കുടിശ്ശിക വരുത്തിയ വാഹനങ്ങൾ കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി നികുതി കുടിശ്ശിക പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

5) രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശിക അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.

6) എക്സൈസ് വകുപ്പിൽ പഴയ കുടിശ്ശിക പിരിച്ചെടുക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി **(Amnesty Scheme)** വീണ്ടും നടപ്പിലാക്കിയിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ